## പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1803 — 25/03/13-ൽ മറുപടിക്ക്

## തണൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ): |
| (എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായമെത്തിക്കുന്ന 'തണൽ' പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായമെത്തിക്കുന്ന 'തണൽ' പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥയനുസരിച്ച് ഒരു ഗുണഭോക്താവിന് 1350/- രൂപയുടെ ധനസഹായം ഒറ്റത്തവണയായി നൽകുന്നതാണ്. ടി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്. |
| (സി) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ; | (സി) 2012-13 ൽ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടൊന്നിനുള്ള ധനസഹായ തുക 50,000/- രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) നിലവിൽ ധനസഹായം അനുവദിക്കപ്പെട്ടിട്ടുള്ളവർക്ക് ലഭിച്ച ധനസഹായം ഭാഗികമായി കൈപ്പറ്റി വീടിന്റെ പണി പൂർത്തിയായിട്ടില്ലെങ്കിൽ, വർദ്ധിപ്പിച്ച തോതിലുള്ള ധനസഹായം ലഭിക്കുമോ എന്നും ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ? | (ഡി) നിലവിൽ ധനസഹായം അനുവദിക്കപ്പെട്ടിട്ടുള്ളവർക്ക് ലഭിച്ച ധനസഹായം ഭാഗികമായി കൈപ്പറ്റി വീടിന്റെ പണി പൂർത്തിയാക്കാത്തവർക്ക് വർദ്ധിപ്പിച്ച തോതിലുള്ള ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ